# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5109** — **06.02.2014 -ൽ മറുപടിക്ക്**

## കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരെ തടഞ്ഞുവച്ചവർക്കെതിരായ കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കെ. നാരായണൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) 2013 നവംബർ 15ന് കണ്ണൂർ ജില്ലയിലെ കൊട്ടിയൂരിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിയെക്കുറിച്ച് പഠിക്കാനെത്തിയ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥരെ നാട്ടുകാർ തടഞ്ഞു വച്ചതിനെ തുടർന്നുണ്ടായ സംഘർഷം അവസാനിപ്പിക്കുന്നതിനും ഉദ്യോഗസ്ഥരെ വിട്ടയയ്ക്കുന്നതിനും സമരസമിതിക്ക് പോലീസും ജില്ലാ ഭരണകൂടവും രേഖാമൂലം നൽകിയ ഉറപ്പുകൾ എന്തെല്ലാമായിരുന്നു ; | (എ) പ്രസ്തുത സമരത്തോടനുബന്ധിച്ച് പോലീസുകാരുടെയും ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ അധികാരികളുടെയും ജീവനും മറ്റും അപകടത്തിലായതിനാൽ സംഘർഷാവസ്ഥയെയും സംഘർഷക്കാരെയും നിയന്ത്രണത്തിലാക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ താഴെപ്പറയും പ്രകാരം എഴുതി നൽകിയിട്ടുള്ളതാണ്.<br>1. ഒരു കൃഷിക്കാരനും കൃഷി ഭൂമി കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം നഷ്ടമാകില്ല.<br>2. കൃഷിക്കാരെ ബാധിക്കുന്ന ഈ നിയമം നടപ്പാക്കാൻ കണ്ണൂർ ജില്ലാ ഭരണകൂടം അനുവദിക്കില്ല.<br>3. ഇന്ന് (14.11.2013) ഉണ്ടായ അനിഷ്ട സംഭവങ്ങൾ ഒരു ജനകീയ പ്രശ്നമായി കണക്കാക്കി ഇതുമായി ബന്ധപ്പെട്ട യാതൊരുവിധ നിയമനടപടികളും കേസുകളും ആരുടെയും പേരിൽ സ്വീകരിക്കുന്നതല്ല. കസ്റ്റഡിയിലെടുത്തവരെ അപ്പോൾ തന്നെ വിട്ടയക്കുന്നതാണ്. |
| (ബി) ഈ ഉറപ്പുകൾ പോലീസും ജില്ലാ ഭരണകൂടവും പാലിച്ചിട്ടുണ്ടോ; | (ബി) ഈ ഉറപ്പുകൾ പോലീസിനും ജില്ലാ ഭരണകൂടത്തിനും പാലിക്കാൻ സാധിക്കാത്തതാണ്. അന്നേ ദിവസം അക്രമകാരികൾ 47-ൽ അധികം പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും 8 പോലീസ് വാഹനങ്ങളും ഒരു വനംവകുപ്പിന്റെ വാഹനവും തീയിട്ടും മറ്റും നശിപ്പിക്കുകയും ചെയ്യുകയുണ്ടായി. മേൽ ഉറപ്പിൽ പറയുന്ന "ഒരു കൃഷിക്കാരനും കൃഷി ഭൂമി കസ്തൂരി രംഗൻ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | പ്രകാരം നഷ്ടമാകില്ല" എന്ന കാര്യവും "കൃഷിക്കാരെ ബാധിക്കുന്ന ഈ നിയമം നടപ്പാക്കാൻ കണ്ണൂർ ജില്ലാ ഭരണകൂടം അനുവദിക്കില്ല" എന്നുള്ളതും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായ കാര്യങ്ങളാണ്. അന്നേ ദിവസം ക്രമസമാധാനപാലനത്തിന് എത്തിയ പോലീസുകാരെ ആക്രമിച്ചതും പോലീസ് വകുപ്പിന്റെയും വനം വകുപ്പിന്റെയും നിരവധി വാഹനങ്ങൾ തീയിട്ടും മറ്റും നശിപ്പിച്ചതും ജനകീയ സമരത്തിന്റെ ഭാഗമായിക്കണ്ട് നിസാരവൽക്കരിക്കാവുന്ന കാര്യമല്ല. ഇന്ത്യൻ ശിക്ഷാ നിയമപ്രകാരവും ക്രിമിനൽ നടപടി നിയമപ്രകാരവും രജിസ്റ്റർ ചെയ്യേണ്ട കുറ്റങ്ങളായതിനാൽ ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും ഉറപ്പുകൾ പാലിക്കാൻ പറ്റാത്തതും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. |
| (സി) | ഈ സംഘർഷത്തിൽ പങ്കുണ്ടെന്നാരോപിച്ച് എത്ര പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്; ഇവരിൽ എത്ര പേരെ ഇതുവരെ അറസ്റ്റ് ചെയ്തു; എത്ര പേർക്ക് ജാമ്യം ലഭിച്ചു; | (സി) | ഈ സംഭവുമായി ബന്ധപ്പെട്ട് 126 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 243 ആളുകൾക്കെതിരായും മറ്റു കണ്ടാലറിയാവുന്ന 1000 ആളുകൾക്കെതിരെയും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 149 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മുഴുവൻ പേർക്കും ജാമ്യം ലഭിച്ചു. |
| (ഡി) | സമര സമിതിയ്ക്ക് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കേസുകൾ പിൻവലിക്കാൻ തയ്യാറാകുമോ? | (ഡി) | ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**